പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3724 14.03.2017- ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ക്ഷേമം

ചോദ്യം
ശ്രീ.വി,കെ,സി.മമ്മത് കോയ
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.പി.ഉണ്ണി.
ശ്രീ.എം.മുകേഷ്.

മറുപടി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300 ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും, പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ |

| | | | |
|---|---|---|---|
| | | | റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നല്കി വരുന്നു.<br>കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ.വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്, 2017-ലെ ബഡ്ജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ടു വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കി വരുന്നു.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ആരോഗ്യവകുപ്പിന്റെ കീഴിൽ |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കി-വരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>വയോജനങ്ങൾക്ക് ആരോഗ്യ – സാമ്പത്തിക – സാമൂഹിക – സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തു-കളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു. |
| .(ബി) | വയോജനങ്ങൾക്കായി 'സായംപ്രഭ' എന്ന പുതിയ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | വയോജനങ്ങൾക്ക് സാമ്പത്തിക - സാമൂഹിക - ആരോഗ്യ പരിരക്ഷ പ്രദാനം ചെയ്യുന്നതിനോടൊപ്പം സമസ്ത മേഖലകളും വയോജന സൗഹൃദമാക്കുക എന്ന ഉദ്ദേശത്തോടെ രൂപം നൽകിയിട്ടുള്ള 'സായംപ്രഭ' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക, വയോജനങ്ങൾക്കായി ഹെൽപ്പ് ലൈൻ രൂപീകരിക്കുക, ആരോഗ്യവകുപ്പുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി ജെറിയാട്രിക് കെയർ സംവിധാനം നടപ്പിലാക്കുക, എല്ലാ ജില്ലകളിലും ARDSI-യുടെ സഹായത്തോടെ ഡിമെൻഷ്യാ - അൽഷിമേഴ്സ് കെയർ സെന്ററുകൾ സ്ഥാപിക്കുക, District Legal Service Authority മുഖേന നിയമ സഹായം ലഭ്യമാക്കുക, വയോജനങ്ങൾക്കായി സർക്കാർ നൽകുന്ന സേവനങ്ങൾ, പദ്ധതികൾ ഇവ സംബന്ധിച്ച് ബോധവത്ക്കരണം നൽകുക. |

S. Bindu

**സെക്ഷൻ ഓഫീസർ**